

# Metaverse

*A Digital Magazine 2023-24*



## MES HSS IRIMBILIYAM

*Little Kites Unit*





# EDITORIAL BOARD

**Anusree 9F**

**Mohd imran 9P**

**Karthik 9E**

**Gopika 8J**

**Shan Mohd 8E**

**Nahila 8D**



സ്കൂൾ ലിറ്റിൽകൈറ്റ്സ് ക്ളബ്ബിന്റെ
ആഭിമുഖ്യത്തിൽ ഒരു
ഡിജിറ്റൽ മാഗസിൻപുറത്തിറക്കുന്നു
എന്നറിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നു.

കുട്ടികളുടെ സർഗവാസനകൾ
പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം
ആധുനിക വിവരസാങ്കേതിക വിദ്യകളുടെ
പ്രയോഗവത്ക്കരണത്തിന് കൂടി
ഉപയുക്തമാവുന്ന ഈ സംരഭത്തിന് എല്ലാ വിധ
ആശംസകളും അർപ്പിക്കുന്നു.
അതോടൊപ്പം ഇതിനു പിറകിൽ
പ്രവർത്തിച്ച അധ്യാപകരെയും
വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു

അഷറഫലി കാളിയത്ത്
പ്രധാനാധ്യാപകൻ

# എം.ഇ.എസ്.എച്ച്. എസ്.എസ്. എസ്
# ഇരിമ്പിളിയം



വളാഞ്ചേരി നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് എം.ഇ.എസ്.എച്ച്. എസ്.എസ്. ഇരിമ്പിളിയം. .മുസ്ലിം എഡ്യൂക്കേഷനൽ സൊസൈറ്റി 2003-ൽ സ്ഥാപിച്ച ഈ വിദ്യാലയം പ്രിഡിഗ്രി ഡിലിങ്ക ചെയ്തു മുഖേന ലഭിച്ചതാണ്.തിരൂർ വിദ്യാഭ്യാസ ജില്ലയിൽ കുറ്റിപ്പുറം ഉപജില്ലയിൽ ആണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്

5 .5 ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 2കെട്ടിടങ്ങളിലായി 45ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 12ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.

ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. 4 ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.







**റവന്യൂ ജില്ല**

**മലപ്പുറം**

**വിദ്യാഭ്യാസ ജില്ല**

**തിരൂർ**

**സബ് ജില്ല**

**കുറ്റിപ്പുറം**

**പ്രധാന അധ്യാപകൻ**

**അഷ്റഫലി .കെ**

**പി ടി എ പ്രസിഡന്റ്**

**സുരേഷ് മലയത്ത്**

**എം പി ടി എ പ്രസിഡന്റ്**

**ഹഫ്സത്ത് ബീവി**

# ഇതളുകൾ


തികളി .............6
എൻറെ ഗ്രാമം .......7
The flame...............8
المثال العربية ٩
العربية....10
ക്ലബ്ബ് റിപ്പോർട്ടുകൾ ........... 11
ലിറ്റിൽ കൈറ്റ് ......... 14
काला दुनिया.........15
ക്ര ...ക്ര... തീവണ്ടി 16
എന്റെ ആദ്യ യാത്ര....... 17
തലസ്ഥാന നഗരിയിലൂടെ...... 19
ഫ്രീഡം ..... 20
സുമേഷ് & രമേഷ് ...... 21
മഴ പറഞ്ഞ കഥ....... 22
അധ്യാപകൻ....... 23
വയനാട്ടിലേക്ക് ഒരു യാത്ര...... 24
ജെ ആർ സി .... 25
സ്കൗട്ട് ആൻഡ് ഗൈഡ് ....... 26
നിയമലംഘനങ്ങളുടെ ഭവിഷത്ത് ....... 28
വസന്ത കാലം ...... 29
പ്രകൃതി ....... 29
.. کتابوں کی اہمیت
میرے پیارے مقرير30
സ്ക്രൂളിൽ വെച്ച് നടന്ന വിവിധ പരിപാടികളുടെ ഫോട്ടോ

# തീക്കളി

വ്യക്തിയുടെ പരിസരം
വ്യക്തിയുടെ ജീവിതം
വ്യക്തിയുടെ മാനവ
സമൂഹമായി മാറണം.
പരിസരം മലിനമായാൽ
രോഗിയായി മാറിടും
രോഗമുക്തി നേടുവാൻ
വൃത്തിയായിരിക്കണം
പരിസരം മലിനമാക്കി
പരിലസിക്കും കൂട്ടരേ
ഓർമവേണമക്കളി
തീക്കളിയെന്നോർക്കണം



Fathima Rushdha T.P 10A


# എന്റെ ഗ്രാമം

പാടത്തിനക്കരെ പാറിക്കളിക്കുന്ന
ചെത്തി, ജമന്തിയും മന്ദാരവും
ഒക്കെയും വർണ്ണത്തിൽ ആടിക്കളിക്കുന്ന
ചേലൊത്തൊരായിരം പൂക്കൾ വേറെ
അഴകാരം നൽകും തിരുമുറ്റം ചുറ്റിലായ്
അന്തസ് ഭാവിച്ചു നിൽപ്പാണ്
ആവൽ മരത്തിന്റെ ചില്ലകളോരോന്നിൽ
കാക്കകൾ പാർപ്പ് തുടങ്ങുന്നു.
അന്തിമയങ്ങുമ്പോൾ ആർപ്പു വിളിയുമായ്
അമ്പലം ശോഭയാൽ നിൽക്കുന്നു
ആലിന്നാലിലും ആരവമുയർന്നും
ആടുകൾ പാറിക്കളിക്കുന്നു
ബാങ്കിൻ ധ്വനിക്കും, പള്ളി മണിശബ്ദം
ഗ്രാമത്തിൻ ചൈതന്യം ഏറുന്നു.
തെങ്ങ്, കവുങ്ങ്, പഴങ്ങൾക്കുമൊപ്പം
നെൽവയൽ അങ്ങോട്ടുമാടുന്നു.
കുളവും, അരുവിയും കൈതോലപ്പച്ചയും
ചെറുചെറു മീനുകൾ പായുന്നോ
നോക്കുക.... നോക്കുക... നമ്മൾ വാഴുന്നൊരു
നമ്മുടെ ഗ്രാമത്തിന്നൊരു ഭംഗി.



10N

Fathima Rushdha T.P 9D




# The flame

afraid
Not of the darkness
But of the wind
He often threatened me
To put out
I ran
But on the way
The lantern imprisoned me
And
now I realise
sometimes home happends to
be in the prison

ഷാഹിദ. ഒ ത
8 J

# الامثال العربية

مَنْ طَلَبَ شَيْئًا وَجَدَهُ = തേടിയതിനെ കണ്ടെത്തും

مَا يَأْتِي بِسُرْعَةٍ يَذْهَبُ بِسُرْعَةٍ = വേഗം വന്നത് വേഗം പോകും

التَّدْبِيرُ نِصْفُ الْمَعِيشَةِ = ജീവിതത്തിന്റെ പാതി പരിപാലനമാണ്

لِكُلِّ جَدِيدٍ لَذِيذٌ = എല്ലാ പുതിയതിനും രുചിയുണ്ട്

أُطْلُبْ تَظْفَرْ = അന്വേഷിക്കൂ, വിജയിക്കും

أَلْحُبُّ أَعْمَى = സ്നേഹം അന്ധമാണ്

الْحَرْبُ سِجَالٌ = യുദ്ധം മത്സരമാണ്

مَا كُلُّ مَا يَلْمَعُ ذَهَبٌ = മിന്നുന്നതെല്ലാം പൊന്നല്ല.

الدَّمُ لَا يَصِيرُ مَاءً = രക്തം വെള്ളമായി മാറില്ല.

الْحَرْبُ خُدْعَةٌ = യുദ്ധം തന്ത്രമാണ്.

كوثر. رع

# أهمية اللغة العربية

العربية لغة جميلة جذابة ولغة فصيحة فعالة، لغة الضاد
لغة القرآن ولغة الجنة والرضوان. وفي وقت واحد
العربية لغة الديانة، ولغة مجتمع. القرآن في هذه اللغة
وأعمال الديانة بهذه اللغة الأذان وصلاة فيها. والعربية
لغة السياسية وسياسيين والمسيرات والمظاهرات
في هذا اللغة. الثورات والشعارات فيها. والعربية لغة
الأدب والفصاحة هناك عدة الشعارة وأعمال الأدبية. في
الأدبية قبل الإسلام وبعدها يستمع العالم إلى
أدب العربية ليست هذا بعد نجيب محفوظ وجارته.
ولكن، منذ القرون العالم يتلذذ بهذا اللغة وفصاحتها.
ويقرأ العربية خيار وأعمال من كل اللغات بالترجمة منها أعمال
لغة الأم مليالم. مثل عيمين وانجيت ووين بو وغيرها.
كان عصر العباسيين عصرا ذهبيا العلوم والفنون. انتشرت
العربية والعلوم في ذلك العصر إلى أنحاء العالم. وصارت
العربية لغة الحضارة ولغة العالم. ولدت اللغات بالعربية
مع لغات أخرى مثل أردو وأن ولغات كتابة مثل
عربي مليالم وعربي تمل.

Rifa Zainab -P
8J

# ക്ലബ്ബ് റിപ്പോർട്ടുകൾ

## വിദ്യാരംഗം (മലയാളം ക്ലബ്ബ്)

2023-24 അധ്യായന വർഷത്തിൽ പ്രവേശനോത്സവുമായി ബന്ധപ്പെട്ട് ക്വിസ്, സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ, കവിതാലാപനം, തുടങ്ങി വിവിധ പരിപാടികൾ നടത്തി. ജൂൺ 19 വായനാ ദിനത്തോടനുബന്ധിച്ച് കുട്ടികൾക്കായി ക്വിസ് പ്രോഗ്രാം നടത്തി. ജൂലൈ 5 ന് ബഷീർ ദിനത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

മലയാളം ക്ലബ്ബിന്റെ നേതൃത്വത്തിൽ കലാമണ്ഡലത്തിലേക്ക് ഒക്ടോബർ മാസത്തിൽ ഒരു പഠന യാത്ര നടത്തി അതിലൂടെ കളകളി നേരിട്ടാസ്വധിക്കാനും വള്ളത്തോൾ മ്യൂസിയം കാണാനും കുട്ടികൾക്ക് അവസരം ലഭിച്ചു. നവംബർ ഒന്ന് കേരളപ്പിറവിയോട് അനുബന്ധിച്ച് പ്രസംഗ മത്സരവും കവിതാലാപനവും നടന്നു.

## അറബിക് ക്ലബ്ബ്

സ്കൂളിലെ വിദ്യാർത്ഥികൾക്കിടയിൽ അറബി ഭാഷ പഠനത്തിൽ താൽപര്യം ഉണ്ടാക്കുക, ഭാഷാ വളർച്ചയും വികാസവും സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ സജീവമായി പ്രവർത്തിക്കുന്ന ക്ലബ്ബാണ് അറബിക് ക്ലബ്ബ്. കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തികൊണ്ടുള്ള വിവിധ മത്സരങ്ങൾ ക്ലബ്ബ് നടത്തി വരുന്നു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പോസ്റ്റർ രചന, കാലിഗ്രാഫി മത്സരങ്ങൾ അതിൽ ശ്രദ്ധേയമാണ്. ഡിസംബർ 18 അറബിദിനാഘോഷത്തിന്റെ ഭാഗമായി കലാപരമായ ആവിഷ്കാരങ്ങൾ നടത്തുകയും കാലിഗ്രാഫി ചിത്രങ്ങൾ സ്കൂൾ ചുമരുകളിൽ പതിപ്പിച്ചു. വ്യത്യസ്ത അഭിരുചികളുള്ള വിദ്യാർത്ഥികളുടെ വളർച്ച സാധ്യമാകുന്നതിന് സഹായകമാകും വിധം ഫെബ്രുവരി 3 ന് അറബിക് ഫെസ്റ്റ് നടത്തി വിവിധ ഇനങ്ങളിലായി നിരവധി കുട്ടികൾ പങ്കെടുത്ത പരിപാടി ശ്രദ്ധേയമായി. ഉപജില്ലാ ജില്ലാ സംസ്ഥാന കലോത്സവങ്ങളിൽ അറബി ഇനങ്ങളിൽ നിരവധി കുട്ടികൾ പങ്കെടുക്കുകയും വിവിധ സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. വിദ്യാർത്ഥികളിൽ അറബി ഭാഷ അഭിരുചി വളർത്തുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തും അവരെ പ്രോത്സാഹിപ്പിച്ചും അറബിക് ക്ലബ്ബ് അതിന്റെ പ്രയാണം സജീവമായി തുടരുന്നു.

## ഹിന്ദി ക്ലബ്ബ്

2023-24 അധ്യായന വർഷത്തിൽ 'ഹിന്ദി സംഭാഷണ ക്ലബ്ബ്' എന്ന പേരിൽ ഹിന്ദി ക്ലബ്ബ് ആരംഭിച്ചു. ക്ലബ്ബ് ഉൽഘാടനം ഹെഡ്മാസ്റ്റർ അഷ്റഫലി സാർ നിർവഹിച്ചു. ഹിന്ദി സംസാരിക്കാൻ താൽപര്യമുള്ളവരാണ് ക്ലബ്ബിൽ അംഗമായുള്ളത്. ക്ലബ്ബ് കൺവീനർ ആയി മുഹമ്മദ് സിനാൻ (10-B) -യെ തെരഞ്ഞെടുത്തു. സെപ്റ്റംബർ 14 ഹിന്ദി ദിനത്തിൽ വായനാമത്സരം, കഥാ രചന, പ്രസംഗ മത്സരം എന്നിവ നടത്തി.

ജൂലൈ 31 പ്രേംചന്ദ് ദിനത്തിൽ പ്രസംഗമത്സരവും 'പ്രേംചന്ദ് സ്റ്റോറീസ്' എന്ന സിനിമാ പ്രദർശനവും നടന്നു. പരീക്ഷയിൽ ഉയർന്നമാർക്ക് ലഭിച്ച കുട്ടികളെ ക്ലബ്ബ് ആദരിച്ചു വരുന്നു. കൂടാതെ സ്കൂൾ കലോത്സവത്തിൽ ഹിന്ദി വിഭാഗത്തിലുള്ള മത്സരങ്ങളിലെല്ലാം കുട്ടികളെ ഉൾപെടുത്തി പരിശീലനം കൊടുത്തു മത്സരിപ്പിച്ചു. രവി മാഷിന്റെ നേതൃത്വത്തിൽ 'ഹിന്ദി പ്രദർശനം' എന്ന തലക്കെട്ടിൽ ദ്വിദിന ഹിന്ദിപാഠശാല സംഘടിപ്പിച്ചു. സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥികളുടെ ഹിന്ദി ഭാഷയിലെ അടിസ്ഥാന ശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായാണ് പാഠശാല സംഘടിപ്പിച്ചത്.

## ഉറുദു ക്ലബ്ബ്

സാഹിത്യ സമ്പുഷ്ടവും താളാത്മകവുമായ ഉറുദു ഭാഷയുടെ പ്രചാരവും പരിപാലനവും ലക്ഷ്യമാക്കി ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രവേശനോത്സവം മുതലേ പരിപാടികൾ നടന്നു വരുന്നുണ്ട്. ജൂൺ 5 പരിസ്ഥിതി ദിനത്തിലും ജൂൺ 19 വായനാദിനത്തിലും ക്ലബ്ബിന്റെ നേതൃത്വത്തിൽ പോസ്റ്റർ രചന, വായനാമത്സരം എന്നിവ നടത്തി.

ഉറുദു ക്ലബ്ബിന്റെ നേതൃത്വത്തിൽ ഫുട്ബോൾ ടീം സെലക്ഷൻ ക്യാമ്പും അതിനോടനുബന്ധിച്ച് നടന്ന സബ്ജില്ല മത്സരത്തിൽ നമ്മുടെ സ്കൂൾ റണ്ണേഴ്സ് ആവുകയും ചെയ്തു. പൊതു വിദ്യാഭ്യാസവകുപ്പ് നടത്തിയ Allama Iqbal talent test A state level online പരീക്ഷയിൽ മുഹമ്മദ് ഷഫിൻ V.P ഉയർന്ന വിജയം നേടി.

നവംബർ 9 ലോകഉറുദു ഭാഷ ദിനത്തിൽ ടാലന്റ് ടെസ്റ്റ്, വായനാമത്സരം, കയ്യെഴുത്ത് മത്സരം, കഥ കവിത, ഉപന്യാസം, രചനാമത്സരങ്ങളും നടത്തി.

## സംസ്കൃത ക്ലബ്ബ്

പുതിയ അധ്യായന വർഷത്തിലെ നവാഗതർക്ക് പ്രശ്നോത്തരി മത്സരം നടത്തിയാണ് ക്ലബ്ബ് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് ക്ലബ്ബ് രൂപീകരണവും സമ്മാന വിതരണവും സ്കൂൾ ഹെഡ്മാസ്റ്റർ അഷ്റഫലി സാർ നിർവഹിച്ചു. കർക്കിടക മാസത്തോടനുബന്ധിച്ച് രാമായണ പരായണ മത്സരവും, രാമായണ പ്രശ്നോത്തരി മത്സരവും നടന്നു. വിജയികളെ ജില്ലാതല മത്സരങ്ങളിൽ പങ്കെടുപ്പിച്ചു. സംസ്കൃത ദിനം വളരെ വിപുലമായ രീതിയിൽ തന്നെ നടത്താൻ സാധിച്ചു. സ്കൂൾ ഹെഡ്മാസ്റ്റർ അഷ്റഫ

ലിസാർ ഉൽഘാടനവും അനീഷ് സാർ, ഷമീമ ടീച്ചർ എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു. തുടർന്ന് സംസ്കൃത കലോത്സവം നടത്തുകയും വിജയികളെ സബ്ജില്ല, ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും വിദ്യാർത്ഥികൾ മികവ് തെളിയിക്കുകയും ചെയ്തു.

## സയൻസ് ക്ലബ്ബ്

2023–24 അധ്യായന വർഷത്തെ സയൻസ് ക്ലബ്ബ് പരിപാടികൾ പ്രവേശനോത്സവത്തിൽ നടത്തിയ ക്വിസ്സ് മത്സരത്തോടെ ആരംഭം കുറിച്ചു. 'സയൻടിസ്സ്' എന്നപേരിൽ സയൻസ് ക്ലബ്ബ് ആരംഭിക്കുകയും ഷിബാ ഷെറിനെ ക്ലബ്ബ് പ്രസിഡന്റ് ആയി തെരഞ്ഞെടുക്കുകയും ചെയ്തു. ജൂലൈ 4 ന് മേരിക്യൂറി ദിനവുമായി ബന്ധപ്പെട്ട് Slide നിർമ്മാണമത്സരം സംഘടിപ്പിച്ചു. മെഹ്ന 8-E, ആര്യ 8-B, സ്നേഹ 10th എന്നിവർ സമ്മാനത്തിനർഹരാവുകയും ചെയ്തു. ജൂലൈ 14 ന് ഇന്ത്യൻ ബഹിരാകാശ രംഗത്തെ പുത്തൻണർവായ ചാന്ദ്രയാൻ 3 വിക്ഷേപണത്തിന്റെ ഓഡിയേ സംപ്രേഷണം ചെയ്തു. തുടർന്ന് 'ചാന്ദ്രയാൻ ദൗത്യങ്ങൾ' എന്ന തലകെട്ടിൽ ഉപന്യാസമത്സരവും സംഘടിപ്പിച്ചു. റാനിയ 9-A, ശ്വേത 10-F നിഷാനാ ഫാത്തിമ 10th O എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി. ജൂലൈ 21ന് ചാന്ദ്ര ദിനത്തോടനുബന്ധിച്ച് റിൻഷ 8-B യുടെ നേതൃത്വത്തിൽ ഫ്ളാഷ്മോബും, പോസ്റ്റർ നിർമാണ മത്സരവും, റോക്കറ്റ് നിർമാണമത്സരവും നടത്തി. അന്താരാഷ്ട്ര ചെറുധാന്യ വർഷത്തോടനുബന്ധിച്ച് 'millets asuper food ordict fad' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. സ്കൂൾ തലത്തിൽ ഒന്നാം സ്ഥാനം ലഭിച്ച ദിയ 9--D, സബ്ജില്ല തലത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

22/07/2023 ന് പുതിയ സയൻസ് ക്ലബ്ബ് ഭാരവാഹികളെ തെരഞ്ഞെടുത്തു. പവിത്ര 10-C ക്ലബ്ബ് സെക്രട്ടറിയായി തെരഞ്ഞെടുത്തു.

ആഗസ്റ്റ് മാസത്തിൽ സ്കൂൾതല ശാസ്ത്രോത്സവം നടത്തുകയും സയൻസ് പ്രോജക്ട്, സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ, ശാസ്ത്ര നാടകം, എന്നിവയിലേക്ക് സബ്ജില്ല മത്സരാർത്ഥികളെ കണ്ടെത്തുകയും ചെയ്തു. ശാസ്ത്ര നാടകം സബ്ജില്ലാ തലത്തിൽ ഒന്നാസ്ഥാനം നേടുകയും ജില്ലാ തലത്തിൽ ആ Grade നേടുകയും ചെയ്തു. സെപ്തംബർ 10 ന് ഓസോൺ ദിനത്തോടനുബന്ധിച്ച് ലോഗോ നിർമാണ മത്സരവും Dr. MS സ്വാമി നാഥൻ അനുസ്മരണ പരിപാടിയും ശാസ്ത്രദിന പ്രഭാഷണവും, ലോക എയ്ഡ്സ് ദിനാചരണവും ലോകമണ്ണ് ദിനത്തിൽ പോസ്റ്റർ രചനയും നടത്തി. 2023–24 വർഷത്തിൽ സയൻസ് ക്ലബ്ബിന് കീഴിൽ നടന്ന എല്ലാ പ്രോഗ്രാമിന്റെയും സമ്മാന വിതരണവും ഈ കാലയള

## സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്

സ്കൂളിന്റെ പാഠ്യപാഠ്യേതര വിഷയങ്ങളിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കൊണ്ട് സജീവമായ ഇടപെടലുകൾ നടത്തുന്ന ക്ലബ്ബാണ് സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്. സാമൂഹ്യ ബോധം മതേതരജനാധിപത്യ ബോധം ചരിത്രാവബോധം എന്നിവ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനു മാതൃകാപരമായ നേതൃത്വമാണ് സാമൂഹ്യശാസ്ത്ര ക്ലബ്ബ് വഹിക്കുന്നത്.ലഹരി വിരുദ്ധ ദിനമടക്കമുള്ള വിവിധ ദിനാചരണങ്ങൾ അതിന്റെ സന്ദേശവും ഗൗരവവും ഒട്ടും ചോരാതെ ക്ലബ്ബിന്റെ കീഴിൽ ആചരിച്ചു വരുന്നുണ്ട്. ഒരു ജനാധിപത്യ രാജ്യത്ത് നിഷ്പക്ഷമായ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തുന്നത് എങ്ങനെ എന്ന് വിദ്യാർത്ഥികൾ തിരിച്ചറിയും വിധം പൊതു തെരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ അതേ പടി നടപ്പിലാക്കി സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തുന്നതും ക്ലബ്ബിന്റെ കീഴിലാണ്. ആഗസ്റ്റ് 15 സ്വാതന്ത്ര്യദിന പരിപാടികൾ വളരെ വിപുലമായ രീതിയിൽ നടത്തുന്നത് സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിലാണ്. സാമൂഹ്യ ശാസ്ത്ര മേളകളിൽ വിദ്യാർത്ഥികളുടെ വിവിധ നൈപുണികൾ ഉപയോഗപ്പെടുത്തി വ്യത്യസ്ത മത്സര ഇനങ്ങളിൽ പങ്കെടുക്കുകയും ഉപജില്ല-ജില്ലാ-സംസ്ഥന തലങ്ങളിൽ നമ്മുടെ സ്കൂൾ അഭിമാനകരമായ നേട്ടങ്ങൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. തികച്ചും വ്യത്യസ്തവും പുതുമായർന്നതുമായ പഠനാനുഭവങ്ങൾ വിദ്യാർത്ഥികൾക്ക് നൽകികൊണ്ട് സാമൂഹ്യശാസ്ത്ര ക്ലബ്ബ് സജീവമായി തന്നെ മുന്നേറികൊണ്ടിരിക്കുകയാണ്.....

## വർക്ക് എക്പീരിയൻസ് ക്ലബ്ബ്

2023–24 അധ്യയനവർഷത്തിൽ എട്ടാം ക്ലാസ്സുകാർക്ക് പ്രവേശനോത്സവത്തിൽ നോട്ട്ബുക്ക് നിർമാണ മത്സരങ്ങൾ നടത്തിയാണ് ക്ലബ്ബ് ആരംഭം കുറിച്ചത്. ജൂലൈ 22ന് ക്ലബ്ബ് രൂപീകരണം നടന്നു. സെക്രട്ടറി, പ്രസിഡന്റ്, കൺവീനർ, ക്ലാസ്സ് തല ലീഡേഴ്സ് എന്നിവരെ തെരഞ്ഞുടുത്തു. സെപ്തംബർ 5 അധ്യാപക ദിനത്തിൽ ഗ്രീറ്റിംഗ് കാർഡ് നിർമ്മാണ മത്സരം നടന്നു. പിന്നീട് സ്കൂൾതല വർക്ക് എക്സ്പീരിയൻസ് മത്സരങ്ങൾ നടത്തുകയും സബ്ജില്ലയിലേക്ക് കുട്ടികളെ സെലക്ട് ചെയ്യുകയും ചെയ്തു. പിന്നീട് ഇവർക്ക് പരിശീലനം നൽകി സബ്ജില്ല, ജില്ലാ തലങ്ങളിലേക്ക് മത്സരിപ്പിച്ചു. സബ്ജില്ലാ ജില്ലാ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച്ച വെക്കാൻ കുട്ടികൾക്കായി.

## കായിക ക്ലബ്ബ്

കായിക രംഗത്ത് നമ്മുടെ സ്കൂളിനെ സംസ്ഥാനത്തിന് പുറത്തും അറിയപ്പെടുന്ന രീതിയിലുള്ള അഭിമാന നിമിഷങ്ങളുണ്ടായ വർഷമാണ് 2023-24 അധ്യായന വർഷം. ഇതിനുതകുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കാൻ കായിക ക്ലബ്ബിന് സാധിച്ചു. കായിക രംഗം മേധാവി ദിലീപ് സാർ ഈ വർഷത്തെ കേരളാ ജൂനിയർ ടീമിന്റെ കോച്ചായി ജമ്മുകാശ്മീരിൽ മത്സരങ്ങളിൽ പങ്കെടുത്തു കൂടാതെ കുട്ടികളിൽ ഹാമർത്രോയിൽ ഇയാഷ് 10E സംസ്ഥാനകായിക മേളയിൽ മത്സരിച്ചു. നിരവധി കുട്ടികൾ ജില്ലാ സബ്ജില്ലാ മത്സരങ്ങളിലും കഴിവ് തെളിയിച്ചു. സുബ്രേതോ കപ്പിൽ സബ് ജൂനിയർ ഉപജില്ലയിൽ ജേതാക്കളായി ഹാൻഡ് ബാളിൽ മികച്ച പ്രകടനം കാഴ്ച വെച്ചു. നേവസ് അക്കാദമിയുടെ കീഴിൽ ഇപ്പോഴും സ്കൂളിലെ കുട്ടികൾക്ക് ഫുട്ബോൾ ക്യാമ്പ് നടന്നു വരുന്നു.

## പെറ്റ്സ് ക്ലബ്ബ്

കോറോണക്ക് ശേഷം നമ്മുടെ സ്കൂളിലെ കിളിക്കൂട്ടിൽ ചിറകടി ശബ്ദം ഉയരാൻ തുടങ്ങിയത് കഴിഞ്ഞ വർഷം മുതലാണ്. പെറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇന്ന് നിരവധി പരിപാടികൾ നടന്നു വരുന്നു. പെറ്റ്ഷോ, കൂടൊരുക്കൽ, പരിചരണം തുടങ്ങി പരിപാടികൾ ഭംഗിയായി പോവുന്നു. ഇന്ന് കിളികൾക്കായി കൂടുകളും സൗഹൃദ മരങ്ങളും മീനുകൾക്കായി അക്വാറിയവും കൊണ്ട് സമ്പുഷ്ടമാണ്. ടീച്ചർമാരും കുട്ടികളും ഒരുപോലെ കിളികളെയും, മീനുകളെയും സമ്മാനിക്കാറുണ്ട്. എല്ലാവർഷവും ഡിസംബർ 22 പെറ്റ്സ് ഷോ നടത്തി വരുന്നു.

## റിലീഫ് കമ്മിറ്റി

സ്നേഹവും കരുണയും കൊണ്ട് എല്ലാക്കാലവും കൂടെ നിന്ന മനുഷ്യർക്കും ഒരു കുഞ്ഞു നേട്ടവും ഒറ്റയ്ക്ക് നേടിയതല്ല എന്നോർമിപ്പിക്കുന്ന മനുഷ്യത്വത്തിൽ അവസാനികാത്ത കാരുണ്യ സ്പർശനങ്ങൾക്കും എം.ഇ.എസും പങ്കാളികളായി മാറിയ കാലഘട്ടം. പ്രവേശനോത്സവുമായി ബന്ധപ്പെട്ട് നിർധനരായ കുട്ടികൾക്ക് നോട്ട്ബുക്കുകളും യൂണിഫോമുകളും വിതരണം ചെയ്തു, കൂടാതെ പെരുന്നാൾ ദിനത്തിലും ഓണത്തിനും ക്രിസ്മസിനും പാവപ്പെട്ട കുട്ടികൾക്ക് പുതുവസ്ത്രങ്ങൾക്കുവേണ്ടിയുള്ള കൂപ്പണുകൾ കൈമാറി.
കൂടാതെ രോഗപരിചരണത്തിന് വേണ്ടി വന്ന സൈഫുദ്ദീൻ സഹായനിധിയിലേക്കും അക്ഷയ്ദാസ് സഹായ നിധിയിലേക്കുമായി 60,000 രൂപയിലധികം സംഭാവന നൽകി. കൂടാതെ അത്യാവശ്യ ഘട്ടത്തിൽ സഹായമാവശ്യമുള്ളവർക്കെല്ലാം റിലീവ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സഹായമെത്തിക്കാറുണ്ട്.

## ഐ.ടി ക്ലബ്ബ്

2023-24 അധ്യായന വർഷത്തിൽ ഐ.ടി ക്ലബ്ബ് വളരെ വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി. ഡിജിറ്റൽ പെയ്ന്റിംഗ്, പ്രസന്റേഷൻ, വെബ് പേജ് ഡിസൈനിംഗ്, മലയാളം ടൈപ്പിംഗ്, സ്ക്രാച്ച് പ്രോഗ്രാമിംഗ്, ക്വിസ്സ്, അനിമേഷൻ തുടങ്ങി മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികളെ സബ്ജില്ല, ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്തു. മലയാളം ടൈപ്പിംഗ് പ്രസന്റേഷൻ എന്നിവയിൽ ജില്ലാ തലത്തിൽ മികച്ച പ്രകടനം കാഴ്ച വെക്കാൻ കുട്ടികൾക്ക് കഴിഞ്ഞു.



# ലിറ്റിൽ കൈറ്റ്സ്

കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ ഐ.ടി അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. MES HSS Irimbiliyam-ത്തിൽ 2018 January യിൽ 30 കുട്ടികളുമായി ലിറ്റിൽ കൈറ്റ്സിൻ്റെ ആദ്യ യൂണിറ്റ് ആരംഭിച്ചു. ഇന്ന് 8, 9, 10 ക്ലാസുകളിൽ നിന്ന് 120 കുട്ടികൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായിട്ടുണ്ട്. അനിമേഷൻ, പ്രോഗ്രാമിംഗ്, മലയാളം കമ്പ്യൂട്ടിംഗ്, ഇലക്ട്രോണിക്സ്, റോബോട്ടിക്സ് തുടങ്ങിയ ഒട്ടനവധി മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്.

ഐ.ടി അധിഷ്ഠിതമായ സാമൂഹികരംഗത്തും, അനിമേഷൻ വീഡിയോ നിർമ്മാണം പ്രോഗ്രാമിംഗ്, വീഡിയോ എഡിറ്റിംഗ്, ഫോട്ടോഗ്രഫി എന്നിവ പഠിച്ചു സബ് ജില്ലാ ക്യാമ്പുകളിലും ജില്ലാ ക്യാമ്പുകളിലും നിരവധി കുട്ടികൾ പങ്കെടുത്തിട്ടുണ്ട്. 2022-23 അക്കാധമിക് വർഷത്തിലും നിരവധി നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചു. ലിറ്റിൽ കൈറ്റ്സ് കുറ്റിപ്പുറം സബ് ജില്ലാ ക്യാമ്പുകളിൽ നിന്ന് 2022 July -യിൽ നടന്ന മലപ്പുറം ജില്ലാ ക്യാമ്പിൽ പത്താം ക്ലാസിൽ പഠിക്കുന്ന മൂന്ന് കുട്ടികളും 2023 ഫെബ്രവരിയിൽ നടന്ന മലപ്പുറംജില്ലാ ക്യാമ്പിൽ ഒമ്പതാം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിയും പങ്കെടുത്ത് MES HSS ഇരിമ്പിളിയത്തിൻ്റെ പേര് ജില്ലയിലുയർത്താൻ ലിറ്റിൽ കൈറ്റ്സിന് സാധിച്ചു.

ഈ വർഷം ഐടി അധിഷ്ഠിതമായി സാമൂഹിക സേവനരംഗത്ത് ലിറ്റിൽ കൈറ്റ്സ് നടത്തിയ ശ്രദ്ധയാകർഷിച്ച പരിപാടികളായിരുന്നു വോട്ടർ പട്ടികയിൽ പേര് ചേർക്കൽ ക്യാമ്പും,സൈബർ ലോകത്തെ സുരക്ഷിത ജീവിതത്തെകുറിച്ച് പൊതുസമൂഹത്തിന് നൽ കിയ ബോധവൽക്കരണവും.
സ്കൂൾതല കല-കായിക ശാസ്ത്രമേളകളുടെ വർണ്ണപകിട്ടാർന്ന ചിത്രങ്ങൾ പകർത്തി ഡോക്യുമെന്റ് ചെയ്തും ,സ്റ്റുഡന്റ് ഹെൽത്ത് കാർഡ്തയ്യാറാക്കിയും, CWSN വിഭാഗത്തിൽ പെട്ട കുട്ടികൾക്ക് കമ്പ്യൂട്ടർ സാക്ഷരത നൽകിയും സഹപാഠികൾക്ക് ഇടയിൽ ഒരു മാതൃകയാകാൻഈ വർഷം ലിറ്റിൽ കൈറ്റ്സിന് സാധിച്ചു.

വിജ്ഞാനത്തിന്റെയും നൂതനആശയനിർമ്മിതിയുടെയും സാങ്കേതികവിദ്യയുടെയും പ്രയോജനം എല്ലാവർക്കും പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന freedom fest 2023 ന്റെ ഭാഗമായി MESHSS ഇരിമ്പിളിയത്തിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പോസ്റ്റർ നിർമ്മാണ മത്സരവും ,ഇലക്ട്രോണിക്ക് പഠനോപകരണങ്ങളുടെ പ്രദർശനവും നടത്തി.

മലയാളം കംമ്പ്യൂട്ടിംഗിൻ്റെ ഭാഗമായി എല്ലാ വർഷവും കുട്ടികൾ ഒരു ഡിജിറ്റൽ മാഗസിനും പുറത്തിറക്കാറുണ്ട്. ഇനിയും ഇത്പോലുള്ള ധാരാളം പ്രവർത്തനങ്ങൾ ചെയ്യാൻ ഈ യൂണിറ്റിന് സാധിക്കും.

Zahliya 9E

# काला दुनिया

काला रंग से बना दिया मेरा दिल
भगवान, मेरा ज़िंदगी भी
काला रंख से क्यो बना दिया ?

मेरा दुनिया में
सब है, काला रंग में क्यों?

प्रकाश में ही यह संसार है
पर मेरी जिंदगी काला है।

मेरा दिल रोरानी से
कभी मिले नहीं।

अलग अलग रंग में है - फूल.
जो वसंत को सुंदर बनाया है।

पर मेरा दिल। का कमरे में
केवल अंधेरे
विश्वास करें की केवल
अंधकार ही इस दुनिया में
प्रकाश ला सकता है।

ठंटी हवा, प्राकृतिक स्पर्श
अच्छी गंधे, फूलों का कोमल
पंखाड़्याँ बना दिय
मेरा काला दिल को सुंदर ।
इस काला दुनिया का
रोरानी है
कुछ लोग बहुत प्यार और
देखभाल के साथ

वे इस काला दुनिया को
न खूबसूरत बनाया ।

# കൂ.. കൂ... തീവണ്ടി....

എന്റെ യാത്രനുഭവം എന്നു പറയുന്നത് വളരെ രസകരമായ ഒരു ട്രെയിൻ യാത്രയാണ് ഞാനും, എന്റെ അച്ഛനും , എന്റെ അമ്മയും, ചേച്ചിയുമാണ്. എനിക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു അനുഭവമാണ് അത് ഞങ്ങൾ പോകുന്ന സ്ഥലം 'മദ്രാസ് ' എനിക്ക് ഒരു ആറോ ഏഴോ വയസ്സുള്ളപ്പോഴാണ് പോയത്. അന്ന് രാവിലെ ആറു മണിയാകുമ്പോൾ ഞങ്ങൾ പുറപ്പെട്ടു, ട്രെയിൻ ഏഴു മണിക്കാണ് വരുക ആറര ആകുമ്പോഴേക്കും ഞങ്ങൾ അവിടെ എത്തി ഞാൻ റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ വരുന്നത് കാത്തുനിൽക്കുകയായിരുന്നു.അവിടെ 7 മണിയാകുമ്പോഴേക്കും ട്രെയിൻ വന്നു. ഞങ്ങൾ ട്രെയിനിൽ കയറി ബുക്ക് ചെയ്ത സീറ്റിൽ കയറിയിരുന്നു. ഞാൻ ആദ്യം തന്നെ സൈഡ് സീറ്റിൽ കയറിയിരുന്നു എന്നാലേ എനിക്ക് നല്ല നല്ല കാഴ്ചകൾ കാണാൻ കഴിയുകയുള്ളൂ. സ്റ്റാർട്ട് ചെയ്തു ഞാൻ നല്ല ആകാംക്ഷയിൽ ആയിരുന്നു അങ്ങനെ ഞാൻ കുറെ കാഴ്ചകൾ കണ്ട് മയങ്ങിപ്പോയി. പിന്നെ മദ്രാസ് എത്തുമ്പോഴാണ് അറിയുന്നത്. എന്നെ അമ്മയാണ് വിളിച്ച് എഴുന്നേൽപ്പിച്ചത്. എന്നിട്ട് ഞാൻ വിഷമത്തിൽ ആയിരുന്നു, കാഴ്ചകൾ കാണാൻ പറ്റാത്തതിന് പിന്നെ അത് പതുക്കെ പതുക്കെ മാറി മദ്രാസിലെ കുറെ അധികം കാഴ്ചകൾ കണ്ട് മദ്രാസിലെ കാഴ്ചകൾ കണ്ടപ്പോൾ എനിക്ക് ട്രെയിനിൽ നിന്ന് കാണാൻ പറ്റാത്ത കുറേയധികം നല്ല മനോഹരമായ കാഴ്ചകൾ കാണാൻ പറ്റി. ഞാൻ കുതിരയുടെ പുറത്തു കയറി. അങ്ങനെ അങ്ങനെ അഞ്ച് ദിവസം പോയത് അറിഞ്ഞതേയില്ല. നാട്ടിലേക്ക് തിരിച്ചു പോകാനായി തോന്നിയില്ല. പിന്നെയും കുറെ കാഴ്ചകൾ കണ്ട് ഞാൻ എന്റെ വീട്ടിലേക്ക് തിരിച്ചെത്തി എനിക്കൊരിക്കലും മറക്കാൻ കഴിയാത്ത ഒരു യാത്രയായിരുന്നു അത്.



നയന. എസ്. കുമാർ
8 F

മുഹമ്മദ് ഷാമിൽ

8 I

# എന്റെ ആദ്യ യാത്ര....


ഞാൻ ആദ്യമായി യാത്ര പോയത് മലമ്പുഴ ഡാമിലേക്ക് ആണ് ഞാനെൻറെ കൂട്ടുകാരുടെ ഒരുമിച്ചാണ് പോയത് ഡാമിലേ കാഴ്ചകൾ ഞങ്ങൾ കണ്ടു അന്ന് ഞാനും എൻറെ കൂട്ടുകാരും ആറാം ക്ലാസിലായിരുന്നുസ്കൂളിൽ നിന്ന് ഞങ്ങൾ ആദ്യമായാണ് പോകുന്നത് പക്ഷേ ഞങ്ങൾ മലമ്പുഴയിലേക്ക് മാത്രമല്ല പോയിരുന്നത് ടിപ്പു സുൽത്താന്റെ കോട്ടയിലേക്ക് പോയിരുന്നു അവിടെ ഞങ്ങൾ നേരെ പാർക്കിലേക്ക് പോയിഅവിടെ കുറച്ചുനേരം കളിച്ചു ഞങ്ങൾ ഭക്ഷണത്തിനുവേണ്ടി ഹോട്ടലിൽ പോയിഹോട്ടലിൽ പോയി ഭക്ഷണം കഴിച്ചു കുറച്ചു നേരമായപ്പോൾ ടൂറിസ്റ്റ് ബസ്സിൽ കയറി ഞങ്ങൾ സ്കൂളിൽ എത്തി സ്കൂളിൽ എത്തുംമുമ്പ് ഉള്ള കാഴ്ചകൾ വളരെ മനോഹരമായിരുന്നു

സ്കൂളിലെത്തിയപ്പോൾ ഞങ്ങളെല്ലാം പിരിഞ്ഞു വീട്ടിലേക്ക് പോയി അന്നത്തെ യാത്ര മനോഹരമായിരുന്നു

ഞാൻ പോയ യാത്രയിൽ വലിയ യാത്രയായിട്ടാണ് ഞാൻ കാണുന്നത്




اليوم العالمي للغة العربية
١٨
ديسمبر
لغة القرآن


اليوم العالمي للغة العربية
18
ديسمبر
تعلم القرآن وعلمه
لغة القرآن
١٨

ജഹാന ഷെറിൻ
VIII A

# തലസ്ഥാന നഗരിയിലൂടെ....

വേനൽ അവധിക്കാലത്ത് ഞാനും എൻറെ കുടുംബവും പോയ ഒരു യാത്രയാണ് ഞാൻ എഴുതുന്നത്.തിരുവനന്തപുരത്തേക്കാണ് ഞങ്ങൾ പോയത്.കേരളത്തിൻറെ തലസ്ഥാനമാണ് തിരുവനന്തപുരം. മാത്രമല്ല അവിടെ എൻറെ ബന്ധുക്കളും ഉണ്ട്.അവരുടെ വീട്ടിലേക്ക് ചെന്ന്അവിടെയുള്ള പല സ്ഥലങ്ങളും കാണാനാണ് ഞങ്ങൾ പോയത് ഞങ്ങൾ ട്രെയിനിലാണ് പോയത്ട്രെയിൻ യാത്ര വളരെ മനോഹരമായിരുന്നു പല ഭംഗിയുള്ള മനോഹരമായ കാഴ്ചകളും ഞങ്ങൾ കണ്ടു തിരുവനന്തപുരത്തേക്കുള്ള യാത്രയിൽ ട്രെയിൻ പല സ്റ്റോപ്പുകളിലും നിർത്തിയിരുന്നു ആളുകൾ ആഹാരസാധനങ്ങൾ വാങ്ങാൻ കൊണ്ടുവരുമ്പോൾ ഞങ്ങൾ അതിൽ നിന്ന് പല സ്നാക്സും വാങ്ങി കഴിച്ചിരുന്നു നാല് മണിക്കൂള്ള ട്രെയിനിൽ ആണ് ഞങ്ങൾ പോയത് അങ്ങനെ കുറെ മണിക്കൂറുകൾക്ക് ശേഷം ഞങ്ങൾ അവിടെ എത്തി രാത്രിയാണ് ഞങ്ങൾ അവിടെ എത്തിയത് അവിടെ എത്തിയപ്പോൾ തന്നെ ഞങ്ങൾ ഭക്ഷണം കഴിച്ചു കിടന്നുറങ്ങി അടുത്ത ദിവസം ആണ് ഞങ്ങൾ കാഴ്ചകൾ കാണാൻ പുറത്തേക്കിറങ്ങിയത് ഞങ്ങൾ രാവിലെ തന്നെ ഭക്ഷണവും കഴിച്ച് ഫ്ലവർ ഷോ കാണാൻ പോയി അത് നല്ല രസമായിരുന്നു വളരെ മനോഹരമായ പൂക്കൾ ഞങ്ങൾ കണ്ടു ഞങ്ങൾ അവിടെ നിന്ന് ഫോട്ടോസ് ഒക്കെ എടുത്തു പിന്നീട് ഞങ്ങൾ അവിടെ നിന്ന് പോയി എന്നിട്ട് ഭക്ഷണം കഴിച്ച് കുറച്ച് സമയം റസ്റ്റ് ചെയ്തു അതിനുശേഷം ഞങ്ങൾ മ്യൂസിയത്തിലേക്ക് പോയി അവിടെ പല സാധനങ്ങളും ഞാൻ കണ്ടു അവിടത്തെ പല സാധനങ്ങളും വളരെ മനോഹരമായിരുന്നു എന്നാൽ ഞങ്ങൾ ഉച്ച ഭക്ഷണം കഴിക്കാൻ ഒരു ഹോട്ടലിലേക്ക് പോയി അവിടുന്ന് ഞങ്ങൾ നല്ല രുചിയുള്ള ഭക്ഷണം കഴിച്ചോ എന്നിട്ട് ഞങ്ങൾ എൻറെ കാക്കയുടെ ചില ഫ്രണ്ട്സിന്റെ വീട്ടിലേക്ക് പോയി അവിടുന്ന് ഞങ്ങൾക്ക് ഒരു സംസാരിക്കുകയും ചായ കൊടുക്കുകയും ഒക്കെ ചെയ്തു ഒരു പെണ്ണിനെ വീട്ടിൽ വളരെ ഭംഗിയുള്ള ഒരു പൂന്തോട്ടം ഉണ്ടായിരുന്നു ഞാൻ കുറെ നേരം അതൊക്കെ നോക്കി നിന്നു ഞങ്ങൾ ചില ഫോട്ടോസ് അവിടെ നിന്ന് എടുത്തു എന്നാൽ ഞങ്ങൾ നേരെ വീട്ടിലേക്ക് പോയി. രാത്രി ഭക്ഷണം കഴിച്ച് ഉറങ്ങി അടുത്ത ദിവസം ഞങ്ങൾ നേരെ രാവിലെത്തന്നെ ഭക്ഷണം കഴിക്കുന്ന ഒരു ഹോട്ടലിലേക്ക് പോയിഅവിടെ ഞങ്ങൾ നല്ല ബ്രേക്ക്ഫാസ്റ്റ് കഴിച്ച അവിടെ ഞങ്ങൾ ഞങ്ങളുടെ കുറച്ച് കസിൻസിനെ കണ്ടിരുന്നു അവരോടൊപ്പം സംസാരിച്ച ഞങ്ങൾ നേരെ വീട്ടിലോട്ട് പോയി എന്നിട്ട് കുറച്ച സമയങ്ങൾക്കു ശേഷം ഞങ്ങൾ എല്ലാവരും ബീച്ചിലോട്ട് പോയി കോവളം ബീച്ചിലോട്ടാണ് ഞങ്ങൾ പോയത് ഞങ്ങൾ കുറെ നേരം കടലിൽ കളിച്ച അവിടെ നല്ല രസമായിരുന്നു വൈകുന്നേരമായിരുന്നു ഞങ്ങൾ പോയത് വൈകുന്നേരത്തെ സൂര്യാസ്തമയം ഞങ്ങൾ കണ്ടു അത് വളരെ മനോഹരമായിരുന്നു ഞങ്ങൾ അവിടുന്ന് കുറെ ഫോട്ടോസ് എടുത്തു എന്നാൽ ഞങ്ങൾ ഐസ്ക്രീം ഒക്കെ കഴിച്ച് അവിടെ നിന്ന് പോയി എന്നിട്ട് നേരെ ബാഗൊക്കെ പാക്ക് ചെയ്തു ഞങ്ങൾ അവിടുന്ന് പോകാൻ ഇറങ്ങി കാക്കാനോട് ഭായ് പറഞ്ഞു ഞങ്ങളെല്ലാവരും പോയി സ്റ്റേഷനിൽ എത്തി ഞങ്ങൾ ട്രെയിൻ കയറി ഞങ്ങൾ വൈകുന്നേരം ആണ് ട്രെയിൻ കയറിയത് രാത്രിയാകുമ്പോൾ ആയിരുന്നു ഞങ്ങൾ വീട്ടിൽ എത്തിയത് ഇപ്പോഴത്തെ ട്രെയിൻ യാത്രയും വളരെ മനോഹരമായിരുന്നു ഞങ്ങൾ രാത്രിയായിരുന്നു ട്രെയിൻ പോയത് അതുകൊണ്ടുതന്നെ രാത്രിയിൽ ഉള്ള ട്രെയിന്റെ ജനനയിലൂടെയുള്ള തിളങ്ങുന്ന മിന്നാമിനുങ്ങുകളെ കാണാൻ വളരെ ഭംഗിയായിരുന്നു അങ്ങനെ കുറെ സമയം ഞങ്ങൾ ട്രെയിൻ യാത്രയൊക്കെ ആസ്വദിച്ച ഞങ്ങൾ വീട്ടിലേക്ക് പോകാനുള്ള സ്റ്റേഷനിൽ എത്തി സ്റ്റേഷനിൽ ഇറങ്ങിയ ഞങ്ങൾ കാറെടുത്ത് അവിടെനിന്ന് വീട്ടിലോട്ട് പോയി . ഈ യാത്ര വളരെ നല്ല യാത്രയായിരുന്നു എനിക്ക് നല്ല ഇഷ്ടപ്പെട്ട യാത്രയായിരുന്നു ഇത് പ്രത്യേകിച്ച് ട്രെയിൻ യാത്ര വളരെ മനോഹരമായിരുന്നു തിരുവനന്തപുരത്തുള്ള പല സ്ഥലങ്ങളും ഞങ്ങൾക്ക് കാണാൻ പറ്റി ഞാൻ ആദ്യമായിട്ടായിരുന്നു തിരുവന്തപുരത്തേക്ക് പോയത് എൻറെ വെക്കേഷനിലെ ഈ യാത്ര ഞാൻ വളരെ ആസ്വദിച്ച . ഇനിയും ഇതുപോലെ മനോഹരമായ പല യാത്രകളും പോകാൻ കഴിയുമെന്ന് ഞാൻ കരുതുന്നു....

# ഫ്രീഡം

അച്ചൻ "അപരിഷ്കൃതൻ"

അമ്മ "സപ്പോർട്ടീവ്"

ഫ്രീഡം വേണമെന്ന് മകൾ.

അവൾ പാറിപറക്കേണ്ടവളാണെന്ന്

പോസ്റ്റ് മോഡേൺ ഫെമിനിസ്റ്റുകൾ.

അങ്ങിനെ,

അയാളും "പരിഷ്കൃതനായി "

വിലങ്ങുകൾ അഴിച്ച് മാറ്റി.

ഒടുവിൽ,

ലഹരിയുടെ ലോകത്ത് ഒരു ഇര കൂടി.

സ്വന്തം ജീവൻ വെടിഞ്ഞ് കണ്ണുകലത്തേക്കവൾ

പറന്നകന്നു.

യാഥാസ്ഥിതികത്വം അയാളെ നോക്കി

കൊഞ്ഞനം കുത്തി.

അൻവർ എടയൂർ

# സുമേഷ് & രമേഷ്

സുമേഷും രമേഷും വലിയ കൂട്ടുകാരാണ്.സുമേഷ് എന്തുപറഞ്ഞാലും രമേഷ് ഇടം വലം നോക്കാതെ ചെയ്തിരിക്കും.

ഒരു ദിവസം ഉച്ച കഴിഞ്ഞപ്പോൾ രമേഷിന് ഉറക്കം വന്നു.രമേഷ് സുമേഷിനോട് പറഞ്ഞു:എടാ ഞാൻ ഉറങ്ങുകയാണ് ടീച്ചർ വന്നാൽ എന്നെ വിളിക്കണം.മറക്കരുത്!

കൂട്ടുകാരനോട് പറഞ്ഞ ധൈര്യത്തിൽ രമേഷ് നന്നായി ഉറങ്ങി.ടീച്ചർ വരുന്നത് നോക്കി സുമേഷ് കുറെ നേരം ഇരുന്നു.കുറച്ചുനേരം കഴിഞ്ഞപ്പോൾ അവന് ഉറക്കം വന്നു. അറിയാതെ അവനും ഉറങ്ങിപ്പോയി.ടീച്ചർ ക്ലാസിലേക്ക് വന്നപ്പോൾ രണ്ട് പേരും നല്ല ഉറക്കത്തിലാണ്.ടീച്ചറുടെ ശബ്ദം കേട്ട് രമേഷ് ഉറക്കത്തിൽ നിന്നും എഴുന്നേറ്റു.അവൻ തൊട്ടപ്പുറത്തേക്ക് നോക്കിയപ്പോൾ തന്നെ ഉറക്കത്തിൽ നിന്നും വിളിക്കാൻ ഏൽപ്പിച്ച സുമേഷിനെ കണ്ട് അവന് ചിരി അടക്കാൻ കഴിഞ്ഞില്ല.ചിരിയുടെ ശബ്ദം കേട്ട് ടീച്ചർ ചോദിച്ചു:ആരാടാ അവിടെ ഇരുന്ന് ചിരിക്കുന്നത്.രമേഷ് എഴുന്നേറ്റ് നിന്ന് പറഞ്ഞു:ക്ഷമിക്കണം ടീച്ചറെ,സുമേഷ് ഉറങ്ങുന്നത് കണ്ട് ചിരിച്ചു പോയതാണ്.അതോടെ ക്ലാസ്സിൽ കൂട്ടച്ചിരിയായി.

Adeen hyder TP

8 F

അനുശ്രീ TA 8 D

# മഴ പറഞ്ഞ കഥ

മാനം ഇരുണ്ടു കുളിർകാറ്റ് വീശി......
ഒരു ജനാലയ്ക്കടുത്തു ഞാൻ തനിയെ......
ഒരു കുളിർ തലോടലാൽ ഞാൻ അലിഞ്ഞു ......
ഇരുണ്ട മേഘങ്ങൾ കരയാൻ തുടങ്ങി
എൻ മനസ്സിനെ കുളിർപ്പിച്ചു

.....ഞാൻ എന്റെ നെഞ്ചിലേക്ക് പതിയെ
മഴയെ ഏറ്റുവാങ്ങി

മഴ ഒഴുകി ചാലിലേക്കെത്തി......
കടലാസു തോണികളാൽ ഞാൻ
ആ ഇടവഴിയെ വിപുലമാക്കി
ഇടിമിന്നലാൽ ഞാൻ പതുക്കെ പതുക്കെ
ഞെട്ടിത്തരിച്ചു പോയി....
മഴ തോർന്ന ആ നേരം
മഴയല്ല പകരം എന്നെ കുളിർമഴയിൽ പൊതിഞ്ഞ
ആ മാരുതനെ ഞാൻ എൻ നെഞ്ചോട് ചേർത്തു
മഴകൾ മഹാപ്രളയമായി മാറി
വരണ്ടുണങ്ങിയ വനങ്ങൾ പച്ച വിരിച്ച് നിന്നു.....
പക്ഷേ ഓരോ ജീവജാലങ്ങൾക്കും
പോകെ പോകെ മഴ കാല നായി മാറി
ആദ്യം മഴ എൻ മനസ്സിൽ ഒരു കുളിർമഴയായി
പോകേ പോകേ ഒരു പേടിസ്വപ്നമായി
എന്നാലും മഴ നമ്മുടെ മനസ്സിൽ ഒരു ദേവനായി....

\

Sameer Bava

# അദ്ധ്യാപകൻ

അപ്പോൾ
അവരെന്നോട്
ചോദിച്ചു
എന്താണ്
അദ്ധ്യാപകൻ?
പക്ഷെ ആ
ഉത്തരം
അവസാനിച്ചത്
അവരിൽ
തന്നെയായിരുന്നു

വിദ്യാർത്ഥികളാൽ
നനഞ്ഞ്
തളിർക്കുന്ന
മരമാണത്
അതിലെ
ഇലകളും
കായ്കളും
പൂക്കളും
നിങ്ങളാണ്!

# വയനാട്ടിലേക്കൊരു യാത്ര

വിഭ രാമചന്ദ്രൻ. പി
8:F

ഞാൻ അവധിക്കാലത്ത് പോയൊരു യാത്രാവിവരണമാണ് നിങ്ങളുമായി ഞാൻ പങ്കെടുക്കുന്നത്. മെയ് മാസത്തിലെ ആദ്യ ഞായറാഴ്ച ആയിരുന്നു അന്ന് സൂര്യൻ ഉണരും മുമ്പേ ഞാൻ എണീറ്റ് യാത്രയ്ക്ക് പോകാൻ ഞാൻ തയ്യാറായി നിന്നു. വയനാട് ജില്ലയിലെ പല പല സ്ഥലങ്ങൾ കാണാനാണ് ഞങ്ങളുടെ യാത്ര. ഞാനും എന്റെ കുടുംബവും മാമനും മാമന്റെ കുടുംബവും ഉൾപ്പെട്ട ഏഴുപേർ അടങ്ങുന്ന ഒരു യാത്രയായിരുന്നു അത്. ഞാൻ കാറിലാണ് പോയത് ഞാൻ കാറിന്റെ ജനലാരി കിലാണ് ഇരുന്നത്.ഞാൻ ചുരം കയറുമ്പോൾ കുറേ കുരങ്ങന്മാരെ കണ്ടു. അതിന് ശേഷം നല്ലൊരു ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചു. ഭക്ഷണമൊക്കെ കഴിച്ചിട്ട് പുറപ്പെട്ടു കുറച്ചു ദൂരം സഞ്ചരിച്ചപ്പോൾ കാന്തൻപാറ വെള്ളച്ചാട്ടത്തി നടുത്തെത്തി. ഞാൻ ആദ്യമായാണ് ഒരു വെള്ളച്ചാട്ടം നേരിൽ കാണുന്നത്. പ്രകൃതി നമുക്ക് എത്രയെത്ര വിസ്മയങ്ങളാണ് ഒരുക്കി വെച്ചിരിക്കുന്നത് എന്ന് എനിക്ക് തോന്നി. പിന്നെ അവിടെ നിന്ന് കുറച്ച് ഫോട്ടോയും എടുത്തു. അതിനുശേഷം ഞാൻ കുറെ കഴിഞ്ഞപ്പോൾ കുറെ പൂക്കൾ അവിടെ നിന്ന് കണ്ടു. കുറെ കളിച്ചു അതിനുശേഷം ഞാൻ അവിടെ നിന്ന് കുറെ ഫോട്ടോയും എടുത്തു. അതിനുശേഷം ഊണ് കഴിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ രാത്രിയായി ഞങ്ങൾ അവിടെ അടുത്തുള്ള ഒരു ഹോട്ടലിൽ കയറി മുറിയെടുത്തു രാത്രി അവിടെ നിന്നു. രാവിലെ ആയപ്പോൾ വീട്ടിലേക്ക് തിരിച്ചു.

# ജൂനിയർ റെഡ് ക്രോസ് JRC

ജാതി, മത, വർഗ്ഗ രാഷ്ട്രീയാതീതമായി പ്രവർത്തിക്കുന്ന സ്വതന്ത്രവും സാർവ്വ ദേശീയവുമായ സേവന പ്രസ്ഥാനമായ റെഡ് ക്രോസ് സൊസൈറ്റിയുടെ വിദ്യാർത്ഥി വിഭാഗമാണ് ജെ ആർ സി (ജൂനിയർ റെഡ് ക്രോസ് ). റെഡ് ക്രോസ് സൊസൈറ്റിയുടെ ഉദാത്തമായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും യുവതലമുറയിൽ സേവന സന്നദ്ധത, സ്വഭാവ രൂപവൽക്കരണം, ദയ, സ്നേഹം, സൗഹൃദം, ആതുര ശുശ്രൂഷ, വിദ്യാഭ്യാസ പ്രചരണം തുടങ്ങിയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന് വേണ്ടിയാണ് അന്തർദേശീയ റെഡ് ക്രോസ് സൊസൈറ്റി ജെ ആർ സി ക്ക് രൂപം നൽകിയത്.

യുദ്ധഭൂമിയിൽ നിന്നുള്ള ബീഭൽസാനുഭവങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ജീൻ ഹെൻഡ്രി ഡ്യൂനാൻറ് എന്ന മനുഷ്യസ്നേഹി 1863 ഒക്ടോബർ 26 ന് ഈ സംഘടനയ്ക്ക് രൂപം നൽകി. അദ്ദേഹത്തിൻറെ ജന്മദിനമായ മെയ് 8 അന്തർദേശീയ റെഡ് ക്രോസ് ദിനമായി ആചരിക്കുന്നു. 1920 ൽ ഇന്ത്യയിൽ ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി എന്ന പേരിലും 1957 ൽ കേരളത്തിലും ഈ അന്തർദേശീയ സംഘടനയുടെ പ്രവർത്തനം ആരംഭിച്ചു. ഇന്ന് ലോകത്താകമാനം പടർന്നു പന്തലിച്ച് ജ്വലിച്ച് നിൽക്കുന്ന സേവന സന്നദ്ധ സംഘടനയായി മാറി അന്തർദേശീയ റെഡ് ക്രോസ് സൊസൈറ്റി. 1920 ൽ യുദ്ധരംഗത്തെ സേവനം കൊണ്ട് കാരുണ്യ ദേവത എന്ന് പ്രശസ്തയായ ക്ലാര ബർട്ടൻ എന്ന സാമൂഹ്യപ്രവർത്തകയാണ് ജൂനിയർ റെഡ് ക്രോസിന് രൂപം നൽകിയത്. 1925 ൽ തന്നെ ഇന്ത്യയിൽ അതിൻറെ പ്രവർത്തനം ആരംഭിച്ചു. ഇന്ന് അനേകം വിദ്യാലയങ്ങളിൽ അതിൻറെ പ്രവർത്തനം സജീവമായി നടന്നു പോരുന്നു. 1925 ൽ ഭാരതത്തിൽ പഞ്ചാബ് സംസ്ഥാനത്ത് ജെ ആർ സി പ്രവർത്തനം ആരംഭിച്ചു. 1929 ൽ പാലക്കാട് ജില്ലയിലെ സെൻറ് തോമസ് സ്കൂളിലേതാണ് കേരളത്തിലെ ആദ്യത്തെ ജെ ആർ സി യൂണിറ്റ്. ഇന്ന് നൂറിലേറെ രാജ്യങ്ങളിലായി 10 കോടിയിലേറെ അംഗങ്ങൾ ഉള്ള ഒരു ബൃഹത് സംഘടനയാണ് ജൂനിയർ റെഡ് ക്രോസ്.

"I Serve" എന്നാണ് ജെ ആർ സി യുടെ ആദർശ വാക്യം. പ്രധാനമായും ആരോഗ്യം, സേവനം, സൗഹൃദം എന്നീ മൂന്ന് ലക്ഷ്യങ്ങളിൽ

അധിഷ്ഠിതമായാണ് ജെ ആർ സി വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഈ ലക്ഷ്യസാക്ഷാത്കാരത്തിനുള്ള ഏത് പ്രവർത്തനങ്ങളും ജെ ആർ സി യുടെ പ്രവർത്തനങ്ങളാണ്.

ആരോഗ്യം, സേവനം, സൗഹൃദം എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് വിദ്യാലയാങ്കണങ്ങളിൽ പാറി നടക്കുന്ന വെള്ളരിപ്രാവുകൾ നമ്മുടെ വിദ്യാലയത്തിനും അഭിമാനമാണ്. കഴിഞ്ഞ വർഷത്തെ SSLC പരീക്ഷയിൽ ജെആർസി യിലെ മിടുക്കരായ 28 കേഡറ്റുകൾക്ക് ഫുൾ എ പ്ലസ് നേടാൻ കഴിഞ്ഞത് അവരുടെ സേവന സന്നദ്ധതക്കുള്ള അംഗീകാരമാണെന്നത്, അഭിമാനപൂർവ്വം പങ്കുവെക്കുന്നു.

# സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്

സ്വയം അച്ചടക്കം, സാമൂഹിക സേവനം, രാജ്യസ്നേഹം എന്നിവയുടെ മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിലൂടെ യുവാക്കളുടെ സ്വഭാവം കെട്ടിപ്പടുക്കുക. ഒരു കൂട്ടം മൂല്യങ്ങളോടുള്ള പ്രതിബദ്ധതയിലൂടെ ധാർമ്മിക തിരഞ്ഞെടുപ്പുകൾ നടത്താനും അവരുടെ കഥാപാത്രങ്ങളെ ശക്തിപ്പെടുത്താനുമുള്ള കഴിവ് നൽകിക്കൊണ്ട് യുവാക്കളെ വികസിപ്പിക്കുകയാണ് സ്കൗട്ടിംഗും ഗൈഡിംഗും ലക്ഷ്യമിടുന്നത്. ലോകത്തെ അതിന്റെ എല്ലാ വൈവിധ്യത്തിലും പ്രതിഫലിപ്പിക്കുന്ന സ്കൗട്ടിംഗും ഗൈഡിംഗും എന്നത്തേയും പോലെ വൈവിധ്യമാർന്നതാണ്. എന്നാൽ മാറ്റാൻ കഴിയാത്ത ചില കാര്യങ്ങളുണ്ട്: സ്കൗട്ടിങ്ങിന്റെ മൂല്യങ്ങൾ കാലാതീതവും സാർവത്രികവുമാണ്. അവർ നമ്മുടെ പ്രസ്ഥാനത്തിന്റെ ഹൃദയഭാഗത്ത് കിടക്കുകയും ഭാവിയിലേക്കുള്ള ഒരു

കാഴ്ചപ്പാട് നൽകുകയും ചെയ്യുന്നു. ലിംഗഭേദം, ഉത്ഭവം, വംശം, മതം എന്നിവയുടെ വ്യത്യാസമില്ലാതെ എല്ലാവർക്കും പ്രാപ്യമായ, യുവജനങ്ങൾക്കുള്ള ഒരു വിദ്യാഭ്യാസ പ്രസ്ഥാനമാണിത്. വ്യക്തികൾ എന്ന നിലയിലും ഉത്തരവാദിത്തമുള്ള പൗരന്മാർ എന്ന നിലയിലും അവരുടെ പ്രാദേശിക, ദേശീയ, അന്തർദേശീയ കമ്മ്യൂണിറ്റികളിലെ അംഗങ്ങൾ എന്ന നിലയിലും യുവാക്കളുടെ ശാരീരികവും ബൗദ്ധികവും വൈകാരികവും സാമൂഹികവും ആത്മീയവുമായ കഴിവുകൾ കൈവരിക്കുന്നതിന് അവരുടെ വികസനത്തിന് സംഭാവന നൽകുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സ്കൗട്ടിംഗും ഗൈഡിംഗും ബോധപൂർവമായ ഒരു വിദ്യാഭ്യാസ പദ്ധതിയാണ്, ഉപയോഗപ്രദമായ പൗരത്വം എന്ന ലക്ഷ്യത്തോടെയുള്ള സ്വഭാവ വികസനമാണ് ഇതിന്റെ ലക്ഷ്യം. സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് പ്രായത്തിനനുസരിച്ച് വിഭാഗങ്ങളായി ക്രമീകരിച്ചിരിക്കുന്നു. ഓരോ വിഭാഗത്തിനും അനുയോജ്യമായ ഒരു സ്കൗട്ട് നിയമവും വാഗ്ദാനവും മുദ്രാവാക്യവും അവർ നേടിയെടുക്കാൻ ശ്രമിക്കുന്നു. നേതൃഗുണവും സാമൂഹിക സേവനവും വികസിപ്പിക്കുന്ന തരത്തിലാണ് പരിപാടികൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.



# നിയമലംഘനങ്ങളുടെ ഭവിഷത്ത്

Gopika
8J

റോഡുകൾ എത്ര ഒഴിഞ്ഞുകിടക്കുകയാണെങ്കിലും, നിങ്ങളുടെ സ്റ്റണ്ടുകൾ പ്രദർശി- ഷിക്കുന്നതിനോ പുതിയ ടെക്നിക്കുകൾ പരീക്ഷിക്കുന്നതിനോ ഉള്ള സ്ഥലമല്ല റോഡുകൾ.

റോഡപകടങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നത് ട്രാഫിക് നിയമ ലംങ്കനങ്ങൾക്കുള്ള പിഴക്കൽ പതിവായി അപ്ഡേറ്റ് ചെയ്യുന്നു. ഇവയുടെയെല്ലാം പ്രധാന ലക്ഷ്യം വാഹനങ്ങളുടെ ഒഴുക്ക് നിയന്ത്രിക്കുകയും എല്ലവർക്കും സുരക്ഷിതവും സുഗമമവുമായ യാത്രാസാഹചര്യങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നാണ്.

മോട്ടോർ വാഹനങ്ങൾ ഇൻഷൂറൻസ് സാധ്യതയില്ലാതെ ഓടിച്ചാലും, ട്രാഫിക് നിയമങ്ങൾ ലംഘിച്ചാലും, ലൈസൻസില്ലാതെ വാഹനങ്ങൾ ഉപയോഗിച്ചാലും, പെർമിറ്റ് ഇല്ലാതെ വാഹനങ്ങൾ ഓടിച്ചാലും പിഴ കൂടാതെ ചില ട്രാഫിക് നിയാമ ലംഘനങ്ങൾക്ക് തടവും ഏർപ്പെടുത്തിയിട്ടുണ്ട്.



# വസന്തകാലം

ഒരു നിമിഷം കണ്ണടച്ചാൽ...
എൻ മനസ്സിൽ
ഓടി വരും പഴയകാല ഓർമകൾ
പാടവുംപുഴകളും തിളികളുംഅവിടെ
ഓടിക്കളിക്കുമെൻ കളി കൂട്ടുകാരും........
മതിൽ കെട്ടുകളില്ലാത്ത കെച്ചും കൊച്ചു പാർപ്പിടങ്ങളും ...
മനസ്സിൽ നിറഞ്ഞു നിൽക്കുന്ന
സന്ധ്യയിലെ നിറദീപകാഴ്ചയും
അമ്പലമണികൾ തൻ നാദവും...
എല്ലാം എൻ മനസ്സിനെ
കുളിരണിയിപ്പിക്കുന്ന ഓർമങ്ങൾ മാത്രമായ് മാറുമ്പോഴും....
ഒരു നിമിഷം കൊതിച്ചുാകുന്നു
ആപഴയ വസന്തകാലം

Fathima Fidha-c 9 E



# പ്രകൃതി

നമ്മുടെ പ്രകൃതി എന്ത് സുന്ദരമാണ്. മലകളും, പൂക്കളും, പുഴകളും, വയലുകളും, കാടുകളും, മരങ്ങളും നിറഞ്ഞ ഭംഗിയുള്ള പ്രകൃതി. പക്ഷെ നമ്മുടെ പ്രകൃതിക്ക് അനാവശ്യമായ കാര്യങ്ങളാണ് നാം ചെയ്യുന്നത്. മരങ്ങൾ നട്ടുപിടിപ്പിക്കാതെ അവയെ വെട്ടി നശിപ്പിരുന്നു. വയലുതളും പുഴകളും മണ്ണിട് നിതത്തുന്നു. കാടുകളെല്ലാം വെടി നശിപിക്കുന്നു നമ്മുടെ പ്രകൃതിക്ക് ദ്രോഹമായ കാര്യങ്ങളാണ് നാം ചെയ്യുന്നത് . പ്രകൃതിയെ നശിപ്പിക്കാതെ മരങ്ങളും ചെടികളും നട്ടുപിടിപ്പിച്ചും പ്രകൃതിയെ കൂടുതൽ സുന്ദരമാക്കുക. നമ്മുടെ പ്രകൃതിക്ക് ദ്രോഹമായ ഒരു കാര്യവും നാം ചെയ്യരുത് .

Fathima Fidha-C 9 E



مولانا ابوالکلام آزاد (۱۸۸۸-۱۹۵۸)

# میرے پیارے مقرر

ISHRA ASHRAF . 9H

سات آٹھ سال کی عمر کا ایک بچہ عجیب انداز میں کھیل رہا تھا۔ کبھی وہ گھر کے صندوقوں کو ایک قطار میں رکھ کر کہتا کہ یہ ریل گاڑی ہے۔ پھر وہ اپنے والد کی پگڑی سر پر باندھ کر بیٹھ جاتا اور اپنی بہنوں کو ہدایت کرتا کہ وہ چلا چلا کر کہیں ''ہٹو، ہٹو، راستہ دو، دلی کے مولانا آرہے ہیں۔'' کیوں کہ اس کے بچپن کا یہ کھیل جوانی میں حقیقت بن گیا۔ جب لوگ اسے ایک بہت بڑا مقرر تسلیم کرنے لگے اور اس کے استقبال کے لیے ہزاروں اسٹیشنوں پر جمع ہونے لگے۔ دراصل وہ اپنے بچپن کے کھیل کھیلتے کھلتے بہت بڑا عالم بن گیا تھا۔ یہ بچہ کوئی اور نہیں بلکہ ہندوستان کی جنگِ آزادی کا سالار تھا، جو امام الہند کہلایا اور ہندوستانی قوم کے رہنما کی حیثیت سے مولانا ابوالکلام آزاد کے نام سے مشہور ہوا۔

مولانا ابوالکلام آزاد کی پیدائش ۱۱/نومبر ۱۸۸۸ء کو پاکیزہ شہر مکہ میں ہوئی۔ ان کا نام محی الدین احمد رکھا گیا۔ ان کی ادبی زندگی گیارہ بارہ سال کی عمر میں شروع ہوئی۔ پہلے وہ شاعری کرتے تھے لیکن پھر نثر کی طرف مڑ گئے۔ آزاد ان کا تخلص تھا۔ مولانا نے آزادی کی تحریک اور سماجی زندگی میں ہندو مسلم اتحاد پر زور دیا۔ وہ آزاد ہندوستان کے پہلے وزیر تعلیم بن گئے۔ مولانا آزاد کی یوم پیدائش ہندوستان میں یوم تعلیم کے طور پر منایا جاتا ہے۔ ان کا انتقال ۲۲ فروری ۱۹۵۸ء کو تاریخی شہر دہلی میں ہوا۔

**************



# کتابوں کی اہمیت

Fathima Sana. NK.  9H

کتابوں کے بغیر دنیا ہمارے تصور سے باہر ہے۔ ایسا علم اس دنیا میں کوئی اور نہیں دے سکتا۔ بہت سے لوگ کتابیں پڑھتے اور پسند کرتے ہیں۔ کتابیں ہماری دولت ہیں۔ لیکن موبائل فون اور کمپیوٹر جیسی چیزیں کتابوں کا استعمال کم کر رہی ہیں۔ آج جو لوگ کتابیں پڑھنا پسند کرتے ہیں وہ موبائل فون پر پڑھ رہے ہیں۔ کتابوں کے بغیر کمرہ ایسا ہے جیسے روح کے بغیر جسم ہمیں کتاب کی قدر کرنی چاہیے۔ کتابیں روح کا آئینہ ہیں۔ کتابیں پڑھ کر اپنے علم میں اضافہ کرتے ہیں۔ ہر کتاب ایک باغ ہے۔

تجربہ بہت خوبصورت ہے۔ تمام کتابیں مقدس ہو جاتی ہیں۔ کتابوں کا انداز ہمیں بہت عزیز بناتا ہے۔ کتابیں پڑھنا علم حاصل کرنے کا بہترین طریقہ ہے۔ ہر کوئی ایسی کتابوں سے محبت کرتا ہے جو دلکش اور دلچسپ ہوں۔ تمام کتابیں کا علم لاثانی ہیں۔

**************

## ഉറുദു ക്ലബിന്റെ നേതൃത്വത്തിൽ സ്കൂളിൽ വച്ച് നടന്ന വിവിധ പരിപാടികൾ














# ഓണാഘോഷം 23









## സ്കൂൾ കലോത്സവം 2023



















# സ്കൂളിൽ വെച്ച് നടന്ന വിവിധ പരിപാടികളുടെ ഫോട്ടോ












# സ്കൂൾ സ്പോർട്സ് മീറ്റ് 23



















# ക്ലാസ്സ് ഫോട്ടോ














## സ്റ്റാഫ് ഫോട്ടോ



## നന്ദി

നമ്മുടെ സ്ക്കൂൾ ലിറ്റിൽ കൈറ്റ് യൂണിറ്റ് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ സഹായസഹകരണങ്ങളും നൽകിയ എല്ലാ ലിറ്റിൽ കൈറ്റ് യൂണിറ്റ് അംഗങ്ങൾക്കും, അധ്യാപകർക്കും,അനധ്യാപകർക്കും പ്രത്യേകം കൃതജ്ഞത രേഖപ്പെടുത്തുന്നു.....

**സ്നേഹപൂർവ്വം**

**ലിറ്റിൽ കൈറ്റ് ടീം**

# MES HSS IRIMBILIYAM

## *Little Kites Unit*

# Metaverse

**A Digital Magazine 2023-24**